ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com
ഫാക്സ് : 0471–2443080
ഫോൺ: (ഓഫീസ് ) : 0471–2528575
ഡയറക്ടർ: 0471–2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

# മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

**നമ്പർ. എച്ച് 2/2001/2020/മെ.വി.വ.** **തീയതി: 30/09/2022**

## പരിപത്രം

സർ/മാഡം,

വിഷയം : മെ.വി.കാ–ജീവനക്കാര്യം–തൃശ്ശൂർ മെഡിക്കൽകോളേജിലെ സയന്റിഫിക് അസിസ്റ്റന്റ് (ഡിആന്റ് വി) തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനായി യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത്–സംബന്ധിച്ച്.

സൂചന : 1. സ.ഉ(കൈ)90/82/എച്ച്ഡി തീയതി: 22.04.1982

2. സ.ഉ(കൈ) 384/94/ആകുവ തീയതി: 10.11.1994.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ സയന്റിഫിക് അസിസ്റ്റന്റ് (ഡി ആന്റ് വി) തസ്തികയിൽ ഉണ്ടാകാനിടയുള്ള ഒരു ഒഴിവ് സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനായി സൂചനയിലെ സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന താഴെപ്പറയുന്ന യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**യോഗ്യതകൾ**

1. എസ്.എസ്.എൽ.സി
2. മെഡിക്കൽ കോളേജുകൾ നടത്തുന്ന ലാബ്ടെക്നീഷ്യൻ കോഴ്സ് ജയിച്ചിരിക്കണം.
3. അംഗീകൃത സ്ഥാപനത്തിൽ നിന്നും സീറോളജിക്കൽ വർക്ക്(വി.ഡി) –ഉള്ള പ്രത്യക ട്രെയിനിംഗ്.
4. വി.ഡി.ലബോറട്ടറിയിൽ 10 വർഷത്തെ പ്രവൃത്തി പരിചയം.

**സ്ഥാനക്കയറ്റത്തിന് യോഗ്യരായ ജീവനക്കാർ**

സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം മേൽ സൂചിപ്പിച്ചിരിക്കുന്ന യോഗ്യതകൾ ഉള്ള ഡെർമറ്റോളജി ആന്റ് വെനറോളജി വിഭാഗത്തിലെ സീനിയർ ടെക്നീഷ്യനാണ് പ്രഥമ പരിഗണന. ഇവരുടെ അഭാവത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന യോഗ്യതകളുള്ള ലാബ് ടെക്നീഷ്യൻ /വിഡി ടെക്നീഷ്യൻ/ടെക്നീഷ്യൻ മോർച്ചറി ഗ്രേഡ്1/ടെക്നീഷ്യൻ (മീഡിയ മേക്കിങ്ങ്) ഗ്രേഡ് 1/ഹെമറ്റോളജി ടെക്നീഷ്യൻ.

അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ ആയിരിക്കേണ്ടതും അപേക്ഷകർ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അവരുടെ സേവനപുസ്തകവുമായി ഒത്തു നോക്കി ശരിയാണെന്ന് അതാത് സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷയോടൊപ്പം യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷകൾ **07–10–2022** നോ അതിനു മുമ്പോ ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖേന പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതും അതാത് പ്രിൻസിപ്പാൾമാർ

അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമാണെന്ന് ഉറപ്പ വരുത്തി സാക്ഷ്യപ്പെടുത്തി 15.10.2022 നോ അതിനു മുമ്പോ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

വൈകി ലഭിക്കുന്നതും അപൂർണ്ണങ്ങളുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അതുപോലെ അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ട് സമർപ്പിക്കുവാനും പാടുള്ളതല്ല.

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ പരിപത്രത്തിന്റെ പകർപ്പ് സമയബന്ധിതമായി എല്ലാ ജീവനക്കാരുടെയും അറിവിലേക്കായി നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

Signature Not Verified
ഡയറക്ടർ
Digitally signed by DR AJAYAKUMAR K
Date: 2022.09.30 11:39:42 IST
Reason: Approved

AJAYAKUMAR K
JOINT DIRECTOR (MEDICAL)

പകർപ്പ്:

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽകോളേജ്, തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/കോട്ടയം/കോന്നി/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്.

പ്രിൻസിപ്പാൾ, സർക്കാർ നഴ്സിങ്ങ് കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/തൃശ്ശൂർ/കോഴിക്കോട്.

പ്രിൻസിപ്പാൾ, സർക്കാർ ദന്തൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/തൃശ്ശൂർ/കോഴിക്കോട്.

സൂപ്രണ്ട്, എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം/ഐ.സി.എച്ച് കോട്ടയം /എം.സി.സി.എച്ച് തൃശ്ശൂർ/ഐ.എം.സി.സി.എച്ച്കോഴിക്കോട്/ഐ.സി.ഡി കോഴിക്കോട്.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ആർ.എച്ച്.സി വക്കം, തിരുവനന്തപുരം/എം.സി.എച്ച് പാങ്ങപ്പാറ/ആർഎച്ച്.സി ചെട്ടിക്കാട്, ആലപ്പുഴ/എംസിഎച്ച് യൂണിറ്റ്, അമ്പലപ്പുഴ /കെ.എം.സി.എച്ച്.സി ഏറ്റുമാനൂർ, കോട്ടയം/പി.എച്ച്.സി തോളൂർ, തൃശ്ശൂർ/എം.സി.എച്ച് യൂണിറ്റ്, ചെറുപ്പ, കോഴിക്കോട്.

ഫയൽ/കരുതൽ ഫയൽ/റെക്കോർഡ്സ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സയന്റിഫിക് അസിസ്റ്റന്റ് ( ഡി & വി ) തസ്തികയിൽ 01 .10.2022 തീയതി മുതൽ ഉണ്ടാകുന്ന ഒരു ഒഴിവ് 10.11.1994 തീയതിയിലെ സ .ഉ. (കൈ ) നമ്പർ 384 /1994/ ആ.കു. വ പ്രകാരം തസ്തികമാറ്റം മുഖേന നികത്തുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | അപേക്ഷകന്റെ ഇപ്പോഴത്തെ തസ്തിക | |
| 3 | ജോലി ചെയ്യുന്ന സ്ഥാപനം | |
| 4 | യോഗ്യത – വിദ്യാഭ്യാസം | |
| 5 | ശമ്പളം– ശമ്പള നിരക്ക് | |
| 6 | സർക്കാർ സേവനത്തിൽ പ്രവേശിച്ച തീയതിയും തസ്തികയും | |
| 7 | ഇപ്പോൾ സേവനമനുഷ്ടിക്കുന്ന തസ്തികയിൽ പ്രവേശിച്ച തീയതി | |
| 8 | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിച്ച തീയതി | |
| 9 | ടി തസ്തികയിൽ നിരീക്ഷണ കാല സേവനം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച തീയതിയും ഉത്തരവ് നമ്പരും ( സാക്ഷ്യപ്പെടുത്തിയ പകർപ്പ് ) | |
| 10 | യോഗ്യമല്ലാത്ത കാലയളവ് | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ശ്രദ്ധയിലും പെട്ടിടത്തോളം സത്യവും ശരിയുമാണെന്നു ..............................................................ആയ ഞാൻ ഞാൻ പ്രസ്താവിക്കുന്നു . മേൽ പറഞ്ഞ വിവരങ്ങൾ തെറ്റാണെന്ന് തെളിയിക്കുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്

ഒപ്പ് :

സ്ഥലം : പേരും തസ്തികയും:

തീയതി : സ്ഥാപനം:

അപേക്ഷയിലെ ക്രമനമ്പർ 1 മുതൽ 10 വരെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ടിയാളുടെ സേവനപുസ്തകവുമായി ഒത്തു നോക്കിയതിൽ നിന്നും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു

ഒപ്പ് :

സ്ഥലം : മേലധികാരിയുടെ തസ്തിക :

തീയതി:

(ഓഫീസ് മുദ്ര )

സ്ഥലം:

തീയതി :

(ഓഫീസ് മുദ്ര ) പ്രിൻസിപ്പൽ :